**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1200

20-01-2014- ൽ മറുപടിക്ക്

## കറവിലങ്ങാട്ട് സ്ഥാപിക്കവാനുദ്ദേശിക്കുന്ന സയൻസ് സിറ്റി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് : | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ് :<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള സയൻസ് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിലൂടെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | എ) സയൻസ് സിറ്റി സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലയിൽ കുറവിലങ്ങാട് കോഴ എന്ന സ്ഥലത്ത് 30 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ അനുവദിക്കുകയും കൂടാതെ, ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വ്യത്യസ്ത ഘടകങ്ങൾക്കായി 41.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>പ്രസ്തുത സ്ഥലത്ത് പ്രസ്തുത തുക ഉപയോഗിച്ചുകൊണ്ട് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. ചുറ്റുമതിൽ നിർമ്മാണം.<br>2. കേന്ദ്ര സർക്കാരിന്റെ സഹായത്താൽ സയൻസ് സെന്ററിന്റെ നിർമ്മാണവും, വികസനവും.<br>3. സ്പേസ് തീയേറ്ററിന്റെ നിർമ്മാണം. |
| ബി) കോട്ടയത്ത് കൃഷി വകുപ്പിന്റെ കറവിലങ്ങാട്ടുള്ള 30 ഏക്കർ സ്ഥലം സർക്കാരിന് കൈമാറിയിട്ടുള്ളതിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ | ബി) താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. ഉന്നത വിദ്യാഭ്യാസ ഇന്ററാക്ടീവ് സയൻസ് ഗ്യാലറികൾ<br>2. മിനി പ്ലാനറ്റേറിയം |

| | |
|---|---|
| സയൻസ് സിറ്റിക്കു വേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ ; | 3. സയൻസ് പാർക്ക്<br>4. ആഡിറ്റോറിയം<br>5. കോൺഫറൻസ് ഹാൾ<br>6. 3 - ഡി തീയറ്റർ<br>7. സ്പേസ് തീയറ്റർ (ഇതിൽ ആസ്ട്രോണമി ഷോ, ഫുൾ ഡോം ഡിജിറ്റിൽ ഷോ, 3 -ഡി പ്ലാനറ്റേറിയം ഷോ എന്നിവ ഉൾപ്പെടെയുള്ള ഒരു പ്ലാനറ്റേറിയം ഉൾപ്പെടുത്തിയിട്ടുണ്ട്).<br>8. മോഷൻ സിമുലേറ്റർ<br>9. ലെസേറിയം (മ്യൂസിക്കൽ ഫൗണ്ടൻ)<br>10. വാന നിരീക്ഷണ സൗകര്യം<br>11. ഡിജിറ്റൽ ലൈബ്രറി<br>12. ഹെർബൽ ഗാർഡൻ<br>13. ചിത്രശലഭ പാർക്ക്<br>14. ക്യാക്ടസ് ആന്റ് സക്കലെന്റ് പാർക്ക്<br>15. വൈഫി സൗകര്യം<br>16. അക്വേറിയം<br>17. സന്ദർശകർക്കുള്ള വിശ്രമ-പാർക്കിംഗ് സൗകര്യം |
| സി) ഇവിടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ; പരിസ്ഥിതി സൗഹൃദമായി സയൻസ് സിറ്റിയെ വികസിപ്പിക്കാൻ ശ്രമിക്കുമോ; | സി) പരിസ്ഥിതി സൗഹാർദ്ദപരമായാണ് സയൻസ് സിറ്റിയുടെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നത്. ഇതിനായി ഹെർബൽ ഗാർഡൻ, ചിത്രശലഭ പാർക്ക്, ക്യാക്ടസ് ആന്റ് സക്കലെന്റ് പാർക്ക്, പരിസ്ഥിതി ബോധവൽക്കരണ പ്രദർശന ഗ്യാലറി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പരിസ്ഥിതിയുടെ പ്രാധാന്യം പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥി-കൾക്ക്, മനസ്സിലാക്കി കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ഡി) സയൻസ് സിറ്റിക്ക് വേണ്ടി എത്ര രൂപയുടെ മുതൽമുടക്കാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ കേന്ദ്രവിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര എന്ന് വിവരിക്കാമോ; | ഡി) 41.5 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം 7.25 കോടി രൂപയും സംസ്ഥാന വിഹിതം 34.25 കോടി രൂപയും ആകുന്നു. |

| | |
|---|---|
| ഇ) സയൻസ് സിറ്റിയുടെ വകുപ്പുതല ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ; | ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് |
| എഫ്) സയൻസ് സിറ്റിയിലൂടെ വിദ്യാഭ്യാസത്തിനും, ശാസ്ത്ര വിജ്ഞാനത്തിനും ഉതകുന്ന കോഴ്സുകൾ ഇവിടെ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | എഫ്) പൊതു ജനങ്ങളിൽ ശാസ്ത്ര അവബോധം വളർത്തുന്നതിന് വേണ്ടി സ്ഥാപിക്കുന്ന അനൗപചാരിക ശാസ്ത്ര വിദ്യാഭ്യാസ കേന്ദ്രമാണ് സയൻസ് സിറ്റി. എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ ഹ്രസ്വകാല കോഴ്സുകളും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വർക്ക്ഷോപ്പുകളും പ്രഗൽഭരായ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തികൊണ്ടുള്ള ലക്ചർ പ്രോഗ്രാമുകളും മറ്റ് ശാസ്ത്രാവബോധം വളർത്തുന്ന ക്ലാസ്സുകളും ആവശ്യാനുസരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ